പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4008 — 11.11.2019 ൽ മറുപടിയ്ക്ക്

ഭക്ഷ്യ സാധനങ്ങളുടെ വിലക്കയറ്റം

| ചോദ്യം<br>ശ്രീ.പി.കെ. ശശി | ഉത്തരം<br>ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
|---|---|
| ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭക്ഷ്യസാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദവിവരം നൽകാമോ? | വിപണിയിലുണ്ടായ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സപ്ലൈകോ മുഖേനയുള്ള വിപണിയിടപെടൽ പദ്ധതി വഴി വില വർദ്ധനവ് തടയാൻ സാധിച്ചിട്ടുണ്ട്. ഇ- ടെണ്ടർ, ഇ-ലേലം മുതലായ സംവിധാനങ്ങൾ ഉപയോഗിച്ച് നാഫെഡ് മുഖേന ഉത്പാദന കേന്ദ്രങ്ങളിൽ നിന്ന് നേരിട്ട് അവശ്യസാധനങ്ങൾ സംഭരിച്ച് സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് വിതരണം ചെയ്തു വരുന്നു. ഗ്രാമീണ മേഖലകൾക്ക് പ്രാമുഖ്യം നൽകി കൂടുതൽ വില്പന ശാലകൾ തുറന്നും ഉത്സവ സീസണുകളിൽ പ്രത്യേക ചന്തകൾ നടത്തിയും പൊതുജനങ്ങൾക്ക് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കി വരുന്നു. സവാള വില വർദ്ധനയെ തുടർന്ന് നാഫെഡിൽ നിന്ന് സംഭരിച്ച് 38/- രൂപയ്ക്ക് വിതരണം നടത്തിയതിനെ തുടർന്ന് സവാള വിലവർദ്ധനവ് തടയുവാൻ കഴിഞ്ഞിട്ടുണ്ട്.<br><br>സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾക്ക് പുറമെ, 36 ഇനം അവശ്യസാധനങ്ങൾ ഫ്രീസെയിൽ സബ്സിഡി നിരക്കിലും, 'ശബരി' ബ്രാൻഡിലുള്ള നിത്യോപയോഗ സാധനങ്ങൾ, മറ്റു ബ്രാൻഡഡ് കമ്പനികളുടെ എഫ്.എം.സി.ജി ഉൽപ്പന്നങ്ങൾ എന്നിവ പൊതുവിപണിയിലേതിനേക്കാൾ 5 മുതൽ 30 ശതമാനം വരെ വിലക്കുറവിലും വില്പന നടത്തുന്നു. പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്തി, 2018-19 സാമ്പത്തിക വർഷം ആകെ 86 വില്പനശാലകളും 2019-20 സാമ്പത്തിക വർഷം ഇതുവരെ 23 വില്പനശാലകളുമാണ് അപ്ഗ്രേഡ് ചെയ്തിട്ടുള്ളത്. ശരാശരി 40 ശതമാനം വരെ വിലക്കുറവിൽ ഗൃഹോപകരണങ്ങൾ 140 വിൽപ്പന കേന്ദ്രങ്ങളിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ